**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1825** **09-12-2022 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നാളികേര സംഭരണം കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | കൃഷി ഭവനുകളിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ കുറവും , കൃഷി ഭവൻ ഉദ്യോഗസ്ഥർ വിവിധ കാർഷിക വിജ്ഞാന പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും ഏർപ്പെടുന്നതിനാലും നിലവിലെ സ്ഥിതിയിൽ കൃഷി ഭവൻ മുഖേന പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യമാണ്. |
| (ബി) | നാളികേരത്തിന് താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നാളികേരത്തിന്റെ ഉൽപാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കിലോയ്ക്ക് 32 രൂപ എന്നത് കേരകർഷകർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നുണ്ട്. തേങ്ങയുടെ ഉല്പാദനചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണ വില/ തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2022 സീസണിലെ തേങ്ങയുടെ താങ്ങുവില കിലോഗ്രാമിന് 28.60 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത തുകയേക്കാൾ 3.40 രൂപ അധിക തുക നൽകിയാണ് സംസ്ഥാന സർക്കാർ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ